# International Indian School-Dammam June 2013

# SummativeI - Malayalam - Class-VIII -Time:3 hrs

1· ഗദ്യഭാഗംവായിച്ച് ഉത്തരംഎഴുതുക (10 mk)

ആധുനികമലയാളസാഹിത്യത്തിലെത്രിമൂർത്തികളാണ് ആശാൻ,ഉള്ളൂർ,വള്ളത്തോൾ എന്നീകവികൾ. കവിത്രയം എന്നറിയപ്പെടുന്ന ഇവരാണ് ഉള്ളടക്കം,അവതരണരീതി എന്നിവയിലെല്ലാം പുതുമ കൊണ്ടുവന്നത്. നളിനി,വീണപൂവ്,ചണ്ഡാലഭിക്ഷുകി, ലീല,കരുണ എന്നിവയാണ് ആശാന്റെപ്രധാനകൃതികൾ. ആശാൻ സാമുദായികരംഗത്ത് പ്രവർത്തിക്കുകയുംചെയ്തു. ഉള്ളൂരിന്റെ പ്രധാനകൃതികൾ തരംഗിണി,താരാഹാരം, കർണ്ണഭൂഷണം,ചിത്രശാല,ഉമാകേരളം എന്നിവയാണ്. കാലികപ്രാധാന്യമുള്ളതും ശബ്ദസൗന്ദര്യം നിറഞ്ഞതുമായ കവിതകളിലൂടെ വള്ളത്തോൾ കേരളീയരുടെ കണ്ണിലുണ്ണിയായിമാറി. കഥകളിയുടെ കീർത്തി ലോകമെങ്ങും പരത്തുകയും കേരളകലാമണ്ഡലം സ്ഥാപിക്കുകയുംചെയ്തതോടെ വള്ളത്തോൾ കൂടുതൽ പ്രശസ്തനായി.

1. ഉള്ളൂരിന്റെ പ്രധാനകൃതികൾ ഏതെല്ലാം?
2. കവിത്രയംആരെല്ലാം?എന്തിലെല്ലാമാണ് ഇവർപുതുമകൊണ്ടുവന്നത്?
3. വള്ളത്തോൾ കൂടുതൽ പ്രശസ്തനായതെങ്ങനെ?
4. ആശാന്റെപ്രധാനകൃതികൾഏതെല്ലാം?
5. വള്ളത്തോൾ കേരളീയരുടെ കണ്ണിലുണ്ണിയായിമാറി. എങ്ങനെ?

2. പദ്യംഎഴുതുക (8 mk)

വിത്തമെന്തിനു______തെങ്ങനെ(8 വരി )

3. ഗ്രന്ഥപാരായണംഎന്നവിഷയത്തെക്കുറിച്ച് ഒരുഖണ്ഡിക(paragraph) എഴുതുക. (5 mk)

3. പൂരിപ്പിക്കുക (3 mk)

[ജ്ജ, ക്ത, ഷി, ഥി, ഗി, ക്ഷ, ധി]

1. വാർ___കം
2. ഗ്രാമവീ___
3. കാവ്യസി___
4. ഉ___യിനി
5. നിരീ___ണം
6. ഭ___ജനങ്ങൾ

4. അർത്ഥം (6 mk)

[ഇഷ്ടം, സൂര്യൻ, ധനം, കുളി, ചന്ദ്രൻ, സ്നേഹത്തോടുകൂടി, ഉദാഹരണം, പലതരം]

1. സ്നാനം
2. ദൃഷ്ടാന്തം
3. അഭിരുചി
4. അംശുമാൻ
5. വിത്തം
6. സസ്നേഹം.

5. വിപരീതം (6 mk)

1. അനുകൂലം
2. ദുർഭിക്ഷം
3. ഉത്തമം
4. ഇഷ്ടം
5. ശ്രദ്ധ
6. ദയ.

6. പര്യായം (6 mk)

1. ഭാര്യ
2. കുഞ്ഞ്
3. മർത്യൻ
4. വസ്ത്രം
5. അമ്പ്
6. ക്രോധം

7. നാനാർത്ഥം (2 mk)

1. അന്നം
2. മേനി

8. വിഗ്രഹിക്കുക (2 mk)

1. പ്രകാശവസ്തു
2. ഗംഗാസ്നാനം

9. ചേർത്തെഴുതുക (4 mk)

1. കാല് + ഇടറി　　2. വില + ഏറിയ

3. തൃ + പാദം　　4. കൊടുക്കും + തോറും

10. പിരിച്ച് സന്ധി എഴുതുക. (4 mk)

1. പ്രകാശമേറിയ　　2. വിശ്വംഭരിയിൽ

3. കീറിപ്പൊളിഞ്ഞ　　4. അകത്താര്

11. വാക്യത്തിൽ പ്രയോഗിക്കുക. (Any 2) (2 mk)

1. അനുഗൃഹീതം
2. കാകളഞ്ഞ
3. ഏർപ്പെടുത്തുക.

12. ഒറ്റവാക്കിൽ ഉത്തരം എഴുതുക (4mk)

1. 'വിദ്യതന്നെ മഹാധനം' എന്ന കവിത എഴുതിയതാര്?
[കുമാരനാശാൻ, ഉള്ളൂർ]

2. ലാൽബഹാദൂർ ശാസ്ത്രിയുടെ ജൻമദിനം എന്ന്?
[ഒക്ടോബർ രണ്ട്, സെപ്തംബർ രണ്ട്]

3. കാളിദാസന്റെ ജൻമദേശം ഏത്?
[പാടലീപുത്രം, ഉജ്ജയിനി]

4. ശ്രുതകേതു കൊണ്ടുവന്ന വസ്തു എന്താണ്?
[അമ്പേദ പക്ഷി, വിളക്ക്]

(P.T.O)

13. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

[2½ × 8 = 20]

1. ലാൽ ബഹാദൂറിന്റെ രാജ്യാഭിമാനത്തെ ഉണർത്തിയത് ആരെല്ലാം ?
2. വിഷ്ണുഗുപ്തൻ എങ്ങനെയുള്ള ആളായിരുന്നു ?
3. അകക്കണ്ണ് തുറപ്പിക്കുന്നതാര് ?
4. ഏതു ചക്രവർത്തിയുടെ സദസ്സിലാണ് കാളിദാസൻ ഉൾപ്പെട്ടിരുന്നത് ?
5. കേട്ടാൽ ആർക്കും അതിശയം തോന്നും - ഏതു കാര്യം ?
6. ഭദ്രകാളിയെ സന്തോഷിപ്പിച്ചതെന്താണ് ?
7. വിജയന് സമ്മാനം ലഭിക്കാൻ കാരണമെന്ത് ?
8. അന്നം നൽകുന്നവനും വിദ്യ നൽകുന്നവനും തമ്മിലുള്ള വ്യത്യാസമെന്ത് ?

14. നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക

Any Two (4 × 2 = 8)

1. വിദ്യ മഹാധനമാണെന്ന് പറയുന്നതെന്തുകൊണ്ട് ?
2. ലാൽ ബഹാദൂർ ശാസ്ത്രി പ്രധാനമന്ത്രി ആയിരുന്നപ്പോഴും ഒരു സത്രം പോലെയായിരുന്നു അദ്ദേഹത്തിന്റെ ഭവനം. ഇങ്ങനെ പറയാൻ കാരണമെന്ത് ?
3. എങ്ങനെയാണ് ഇടയൻ കവിയായ കാളിദാസനായി മാറിയത് ? കാളിദാസന്റെ മൂന്നു കൃതികളുടെ പേരെഴുതുക.